## പതിമൂന്നാം സമ്മേളനം

(2018 നവംബർ 27 മുതൽ - ഡിസംബർ 13 വരെ)

(1) <u>അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി</u>

2018 നവംബർ 28-ാം തീയതി അടിയന്തരപ്രമേയ നോട്ടീസ് പരിഗണനാവേളയിൽ, കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 52(7) പ്രകാരം ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമ കോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാനും ലോക്സഭാ നടപടിക്രമവും കീഴ്വഴക്കവും അനുസരിച്ച് സുപ്രീംകോടതി വിധി ചർച്ച ചെയ്യണമെന്ന ആവശ്യം അടിയന്തര പ്രമേയത്തിൽ ഉൾപ്പെടുത്താനും പാടുള്ളതല്ലെന്നും ശ്രദ്ധക്ഷണിക്കൽ, ചോദ്യങ്ങൾ, അടിയന്തര ചോദ്യങ്ങൾ മുതലായ അരമണിക്കൂർ ചർച്ചയിൽ ഉൾപ്പെട്ടിട്ടുള്ള വിഷയങ്ങൾ അടിയന്തരപ്രമേയമായി അനുവദിക്കുന്നതല്ലെന്നും നിയമസഭാ റൂളിംഗുകളിൽ പറഞ്ഞിട്ടുണ്ടെന്നും ഇന്നേ ദിവസം സഭയിൽ ഉത്തരം നൽകാൻ നോട്ടീസ് നൽകിയിട്ടുള്ള 30 ചോദ്യങ്ങളിൽ 8 എണ്ണവും ശബരിമലയുമായി ബന്ധപ്പെട്ടുള്ളതാണെന്നും ഭരണഘടനാ വ്യവസ്ഥയുടെ വ്യാഖ്യാനം ആവശ്യമായി വരുന്നപക്ഷം അടിയന്തരപ്രമേയത്തിന് അനുമതി

നിഷേധിക്കാവുന്നതാണെന്നും പ്രസ്തുത വിഷയം സംബന്ധിച്ച റിവ്യൂ ഹർജികൾ 2019 ജനുവരി 22-ന് സുപ്രീംകോടതി പരിഗണിക്കാനിരിക്കെ സഭയിൽ ചർച്ച ചെയ്യുന്നത് സബ്ജ്യൂഡീസ് ആയിരിക്കുമെന്നും ഇക്കാരണങ്ങളാൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിന് അനുവാദം കൊടുക്കാൻ പാടില്ലെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെക്കാണുന്ന റൂളിംഗ് നൽകി.*

“ സാങ്കേതികമായ കാര്യങ്ങൾ മാത്രം പരിഗണിക്കുന്ന സമീപനം സഭാനടപടികളിൽ സ്വീകരിക്കുന്നത് പ്രായോഗികമല്ല. രാജ്യത്തിന്റെയാകെ ശ്രദ്ധയിൽ വന്ന ഒരു വിഷയം സഭയിൽ വരുന്നത് ഉചിതമല്ലെന്ന നിലപാട് സ്വീകരിക്കാൻ നിർവ്വാഹമില്ല. സഭയ്ക്ക് 'എക്സ്പ്രഷൻ ഓഫ് ഫീൽ' എന്ന ദൗത്യം കൂടിയുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി സംബന്ധിച്ച കാര്യങ്ങൾ പ്രത്യക്ഷമായി അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിട്ടില്ല. ശ്രദ്ധ ക്ഷണിക്കൽ, ചോദ്യങ്ങൾ, സബ്മിഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അടിയന്തരപ്രമേയമായി അനുവദിച്ച സന്ദർഭങ്ങൾ മുമ്പും സഭയിലുണ്ടായിട്ടുണ്ട്. സഭയിൽ ഭരണഘടനാ വ്യാഖ്യാനവുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്ന പതിവില്ല. ഇതിൽ ക്രമരഹിതമായോ കീഴ്വഴക്കത്തിന്റെ ലംഘനമായോ എന്തെങ്കിലുമുള്ളതായി

ചെയർ കാണുന്നില്ല."